ഹയർ സെക്കന്ററി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ,
തിരുവനന്തപുരം.

PF2/527/17/DHSE

തീയതി: 21/04/2017

## സർക്കുലർ

സർ,

വിഷയം:- കെ.എ. എച്ച്.എസ്.എസ്(+2) ഇ.പി.എഫ് - ഐ.എഫ്.എം.എസ്- - ഓൺലൈൻ എൻ.ആർ.എ അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:- സ.ഉ.(പി)967/01/GE തീയ്യതി 14/03/01.

കേരള എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ നിന്നും എൻ.ആർ.എ/റ്റി.എ അനുവദിക്കുന്നതിന് ഐ.എഫ്.എം.എസ് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു. ഓൺലൈൻ അപേക്ഷയിലെ കോളം 9(a),9(b) എന്നിവ പൂരിപ്പിക്കാതെ നിരവധി അപേക്ഷകൾ സമർപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സൂചന സർക്കാർ ഉത്തരവുപ്രകാരം അംഗീകരിച്ച കേരള എയിഡഡ് ഹയർ സെക്കണ്ടറി സ്കൂൾ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് ചട്ടങ്ങളിൽ ചട്ടം 30(1)ൽ പ്രതിപാദിച്ച ആവശ്യങ്ങൾക്കു മാത്രമേ പി.എഫിൽ നിന്നും എൻ.ആർ.എ അനുവദിക്കാൻ കഴിയുകയുള്ളൂ. കൂടാതെ ചട്ടം 30(2)( a)(i) പ്രകാരം സ്വന്തം ആവശ്യത്തിനായി വീട് പണിയുന്നതിനോ വാങ്ങുന്നതിനോ ഒരു വരിക്കാരന് എൻ.ആർ.എ അനുവദിച്ചിട്ടുണ്ടെങ്കിൽ അതേ ആവശ്യത്തിനായി വീണ്ടും എൻ.ആർ.എ അനുവദിക്കാൻ പാടുള്ളതല്ല. ആയതിനാൽ ഓൺലൈൻ എൻ.ആർ.എ അപേക്ഷയിലെ കോളം 9(a), 9(b) എന്നിവ കൃത്യമായി പൂരിപ്പിക്കേണ്ടതാണ്. അതോടൊപ്പം മുൻപെടുത്ത NRA/NRAs എന്ത് ആവശ്യത്തിനായിരുന്നു എന്നതും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരമല്ലാതെ ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

ബന്ധപ്പെട്ട ആർ.ഡി.ഡി മാർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും അപൂർണ്ണമായ അപേക്ഷകൾ ഹാർഡ് കോപ്പിയുൾപ്പെടെ നിരസിക്കേണ്ടതുമാണ്

സീനിയർ ഫിനാൻസ് ഓഫീസർ
ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

എല്ലാ ആർ.ഡി.ഡി മാർക്കും, പ്രിൻസിപ്പൽമാർക്കും